ശ്രീ. പി. സി. ജോർജ് : സർ, ഞാൻ മേശപ്പുറത്തു വയ്ക്കാം.

മി. സ്പീക്കർ : അദ്ദേഹംതന്നെ മേശപ്പുറത്തു വയ്ക്കാമെന്നു സമ്മതിക്കുന്നു.

ശ്രീ. വി. കെ. രാജൻ : ലൂക്കോസിന്റെ മൂക്കും മാണിയുടെ കണ്ണും എന്നു പറഞ്ഞിരുന്നു. ആ നിലയിൽ ലൂക്കോസും മാണിയുമാണ് പ്രതികൾ എന്നനിലയിലാണ് ശ്രീ. ജോർജ് സംസാരിച്ചത്. ഇപ്പോൾ ശ്രീ. ജോർജ് നിരപരാധിയെന്നു കോടതി വിധിച്ചിരിക്കുന്നു. ആ അടിസ്ഥാനത്തിൽ ഇവരാണോ പ്രതികൾ എന്നറിയാൻ സഭയ്ക്ക് അധികാരമുണ്ട്.

II. റിപ്പോർട്ടു സമർപ്പണം

പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ റിപ്പോർട്ട്

ശ്രീ. പി. കെ. വേലായുധൻ : സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ പതിനൊന്നാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

III. ഗവർണ്ണറുടെ പ്രസംഗത്തിനു നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. പി. ഭാസ്ക്കരൻ : സർ, ഗവർണറുടെ പ്രസംഗത്തിനു നന്ദി രേഖപ്പെടുത്തികൊണ്ട് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തോടു ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. കഴിഞ്ഞ ഡിസംബറിൽ നിലവിൽ വന്ന ജനാധിപത്യമുന്നണി സർക്കാരിനെതിരായ അവിശ്വാസ പ്രമേയത്തെ എതിർത്തു വോട്ടുചെയ്യാനും ഗവർണ്ണറുടെ പ്രസംഗത്തിൻമേലുള്ള നന്ദി പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കാനും എനിക്കു കഴിഞ്ഞത് തികഞ്ഞ മനസാക്ഷിയോടും ആത്മസംതൃപ്തിയോടും കൂടിയാണെന്നുള്ളതു ഇവിടെ വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. 1980-ൽ മാർക്സിസ്റ്റു മുന്നണിക്കെതിരായി ജനാധിപത്യമുന്നണിയുടെ സഹായത്തോടുകൂടി ഈ നിയമസഭയിൽ കടന്നുവന്നവരാണ് ഞങ്ങൾ അഞ്ചുപേർ. അതിൽ രണ്ടുപേർ ശ്രീ. ചന്ദ്രശേഖരനും ശ്രീ. കൃഷ്ണൻകുട്ടിയും ഇന്നു ഞങ്ങളോടൊപ്പമില്ല. അവർ മാർക്സിസ്റ്റു പാളയത്തിലേക്കു പോയിരിക്കുകയാണ്. പി. ഭാസ്ക്കരനെ ജനതാപാർട്ടിയുടെ നിയമസഭാ സീറ്റിൽനിന്നു മാറ്റിയിരുത്തണമെന്നു പറഞ്ഞ ചന്ദ്രശേഖരൻ സ്വയം പിൻ സീറ്റിലേക്കു താഴ്ത്തപ്പെട്ടിരിക്കുന്ന ദയനീയമായ ചിത്രമാണ് നാമിന്നിവിടെക്കാണുന്നത്. എന്നെ പാർട്ടിയിൽനിന്നു പുറത്താക്കാൻ ശ്രീ. ചന്ദ്രശേഖരൻ ശ്രമിച്ചാലും എന്റെ ജില്ലയിലെ ജനലക്ഷങ്ങൾ എന്നെ പുറംതള്ളുകയില്ലെന്ന് എനിക്ക് ആത്മാർത്ഥമായ വിശ്വാസമുണ്ട്. ജന വികാരങ്ങളെ മാനിച്ചുകൊണ്ടാണ് ഞാൻ ധീരമായ ഈ നിലപാടു സ്വീകരിച്ചിട്ടുള്ളത്.

സർ, പ്രസിദ്ധമായ കൽദാത്തെ ഫോർമുലയുടെ വെളിച്ചത്തിൽ എന്റെ പാർട്ടിയിലെ ശ്രീ. കെ. ഗോപാലനും അന്നത്തെ നിയമസഭാകക്ഷി ലീഡറായിരുന്ന ശ്രീ. കെ. ചന്ദ്രശേഖരനും ബഹുമാനപ്പെട്ട ഗവർണ്ണറെകണ്ടു. ഒരു ബദൽ മന്ത്രിസഭ ഇവിടെ രൂപീകരിക്കുകയാണെങ്കിൽ അതിനെ താഴെ ഇറക്കുവാൻ ഞങ്ങൾ ഒരുങ്ങുകയില്ലെന്നും അഥവാ വല്ലവരും അതിനെ താഴെ ഇറക്കുവാൻ ശ്രമിച്ചാൽ അതിനോട് ഞങ്ങൾ കൂട്ടുനിൽക്കുകയില്ലെന്നും വ്യക്തമായി പറഞ്ഞ വസ്തുത ഇവിടെ ഉന്നിപറയുവാൻ ഞാനാഗ്രഹി

LIBRARY ARCHIVES Kerala Legislative Assembly